**ന വൈ മഹാരാജ ഭഗവതോ മായാഗുണവിഭൂതേ: കാഷ്ഠാം മനസാ വചസാ വാധിഗന്തുമലം വിബുധായുഷാപി പുരുഷസ്തസ്മാത് പ്രാധാന്യേനൈവാ ഭൂഗോളകവിശേഷം നാമരൂപമാനലക്ഷണതോ വ്യാഖ്യാസ്യാമ: (5–16–4)**

പരീക്ഷിത്ത് പറഞ്ഞു: ഭൂതലത്തിൻെറ വിസ്താരത്തെപ്പറ്റിയും അത് തരംതിരിക്കപ്പെട്ടിരിക്കുന്നതെങ്ങിനെയെന്നും എനിക്ക് വിശദമായി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. അതിനെ ധ്യാനിച്ച് ഭഗവാൻെറ സ്ഥൂലരൂപമായ ദ്രവ്യശരീരത്തെക്കുറിച്ച് അറിവുണ്ടാവുന്നതിലൂടെ അവിടത്തെ സ്ഥായിസ്വഭാവത്തെക്കുറിച്ച് എനിക്ക് അറിവുണ്ടാവും എന്നു തോന്നുന്നു.

ശുകമുനി പറഞ്ഞു: മഹാരാജൻ, വളരെയേറെക്കാലം ആയുസ്സോടെ ജീവിച്ചവനുപോലും തൻെറ ചിന്തയാലോ വാക്കുകളാലോ ഭഗവൽമായയുടെ വിപുലത പ്രകടമായി വർണ്ണിക്കുക അസാദ്ധ്യമത്രേ. അതുകൊണ്ട് ഭൂതലത്തിലെ ചില സുപ്രധാന കാര്യങ്ങളെപ്പറ്റി മാത്രം, അവയുടെ നാമം, രൂപം, വ്യാപ്തി, സ്വഭാവസവിശേഷതകൾ എന്നിവയടക്കം, നമുക്ക് വിവരിക്കാം.

നാം ജീവിക്കുന്ന ഈ ദ്വീപ്, ഏഴ് ദ്വീപുകളുടെ മദ്ധ്യത്തിലായി നിലകൊള്ളുന്നു. സകലവും ചേർന്ന് ഒരു താമരയായി സങ്കൽപ്പിച്ചാൽ അതിൻെറ മദ്ധ്യത്തിലെ മൊട്ടായി ഇതിനെ കണക്കാക്കാം. ഈ ദ്വീപിൽ എട്ട് പർവ്വതനിരകളാൽ തിരിക്കപ്പെട്ട ഒൻപത് വർഷങ്ങളുണ്ട്. അവയുടെ മദ്ധ്യത്തിലായുള്ളത് ഇലവ്രതവർഷം. ഇലവ്രതത്തിൻെറ നടുവിലായി സുവർണ്ണമായ മേരുപർവ്വതം സ്ഥിതി ചെയ്യുന്നു. ഇലവ്രതത്തിൻെറ വടക്കായി നീലം, ശ്വേതം, ശൃംഗവനം ഇങ്ങിനെ മൂന്നു പർവ്വതനിരകളുണ്ട്. കൂടാതെ രമ്യകം, ഹിരൺമയം, കുരു ഇങ്ങിനെ മൂന്നു ഭൂഖണ്ഡങ്ങൾ. പുറത്തുള്ള നിരകൾ അകത്തുള്ളവയേക്കാൾ നീളത്തിൽ അൽപ്പം ചെറുതായി കാണപ്പെടുന്നു. ഇലവ്രതത്തിൻെറ തെക്ക് മൂന്ന് പർവ്വതനിരകളാണ്. നിഭാദം, ഹേമകൂടം, ഹിമാലയം, കൂടാതെ ഹരിവർഷം, കിമ്പുരുഷവർഷം, ഭാരതവർഷം എന്നിങ്ങിനെ മൂന്നു ഭൂഖണ്ഡങ്ങൾ. ഇലവ്രതത്തിൻെറ പടിഞ്ഞാറ് മാല്യവാൻ എന്ന പർവ്വതനിര. കിഴക്ക് നീലപർവ്വതം വരെ നീണ്ടുകിടക്കുന്ന ഗന്ധമാദനം. തെക്കായി നിഷാദ പർവ്വതം. ഇവ കേതുമാലം, ഭദ്രാശ്വം എന്നീ ഭൂഖണ്ഡങ്ങളുടെ അതിർനിരകളത്രേ.

മേരുപർവ്വതത്തിനു ചുറ്റും മന്ദര, മേരു, സുപാർശ്വ, കുമുദ എന്നിങ്ങിനെ നാലു മലകൾ. ഇവകളിൽ നാലു വലിയ മരങ്ങൾ. മാവ്, നെല്ലി, കദംബം, അരയാൽ കൂടാതെ പാല്, തേൻ, കരിമ്പുനീര്, വെള്ളം എന്നിവ നിറഞ്ഞിരിക്കുന്ന നാലു തടാകങ്ങളും അവിടെയുണ്ട്. ഇതിലെ വെള്ളം കുടിക്കുന്ന ദേവതകൾക്കും മറ്റുള്ളവർക്കും അതിഭൗതികസിദ്ധികൾ സ്വായത്തമാണ്. നന്ദനം, ചൈത്രരഥം, വൈഭ്രാജം, മർവ്വതോഭദ്രം എന്നീ പേരുകളോടു കൂടിയ നാല് അലൌകീകങ്ങളായ ഉദ്യാനങ്ങളും അവിടെയുണ്ട്. മാമ്പഴത്തിൽ നിന്നുമിറ്റുവീഴുന്ന പഴച്ചാറ് അവിടത്തെ ഭൂമിയെ നനച്ച് സംപുഷ്ടമാക്കുന്നു. നദിക്കരയിലെ നെല്ലിമരങ്ങളിൽ നിന്നും വീഴുന്ന പഴച്ചാറ് മണ്ണും ചെളിയുമായി രാസപ്രവർത്തനം നടത്തി സ്വർണ്ണമുണ്ടാക്കുന്നു. കദംബമരത്തിൻെറ അഞ്ചു ശാഖകളിൽനിന്നും തേനൊഴുകുന്നു. ആൽമരത്തിൽനിന്നും അനേകം നദികൾ ഉത്ഭവിക്കുന്നു. ഈ നദികളിൽ നിന്നുള്ള പ്രസാദമധുരമായ തീർത്ഥമാചമിക്കുന്നവർക്ക് ആയുരാരോഗ്യവും സമ്പത്തും സന്തോഷവും ലഭ്യമത്രേ.

മേരുപർവ്വതത്തിൻെറ അടിത്തട്ടിലായി ഇരുപതു മലകൾ കൂടിയുണ്ട്. കിഴക്ക്, തെക്ക്, വടക്ക്, പടിഞ്ഞാറ് ദിക്കുകളിലെല്ലാം ഈരണ്ടു മലകൾ. മേരുപർവ്വതത്തിൻെറ ഏറ്റവും മുകളിലായി സൃഷ്ടികർത്താവായ ബ്രഹ്മദേവൻെറ നഗരം. അതിനുചുറ്റും മറ്റുദേവതകളുടെ നഗരങ്ങൾ ഓരോ ദിക്കിനേയും പരിപാലിച്ചു നിലകൊള്ളുന്നു.